# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം: 545 — 07.07.2014 -ൽ മറുപടി നൽകേണ്ടത്

## ഏകീകൃത ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് നിയമം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. മുരളീധരൻ,<br>ശ്രീ. എം. പി. വിൻസെന്റ്<br>ശ്രീ. ആർ. സെൽവരാജ്<br>ശ്രീ. ലൂഡി ലൂയിസ് | | ശ്രീ. മഞ്ഞളാംകുഴി അലി<br>നഗരകാര്യവും ന്യൂനപക്ഷക്ഷേമവും<br>വകുപ്പു മന്ത്രി | |
| (എ) | ഏകീകൃത ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് നിയമം നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ; | (എ) | ഉണ്ട്. ദി കേരള ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ഓർഡിനൻസ്, 2013-ലെ 51-ാം നമ്പർ ഓർഡിനൻസായി, 2013 സെപ്തംബർ 23-ലെ 2741-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ ആദ്യം പ്രസിദ്ധീകരിക്കുകയും, തുടർന്ന് 2014-ലെ 7-ാം നമ്പർ ഓർഡിനൻസായി വീണ്ടും 2014 ഫെബ്രുവരി 11-ലെ 472-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ വ്യക്തമാക്കുമോ ; | (ബി) | സംസ്ഥാനത്തെ നഗരപ്രദേശങ്ങളിലേയും ഗ്രാമ പ്രദേശങ്ങളിലെയും ആസൂത്രിത വികസനത്തിനും, വളർച്ചയെ പ്രോത്സാഹിപ്പിക്കുന്നതിനുമായാണ് കേരള ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുള്ളത്. ഇന്ത്യൻ ഭരണഘടനയുടെ 73 ഉം 74 ഭേദഗതികൾക്കനുസൃതമായി, ജില്ലാ പ്ലാനിംഗ് കമ്മിറ്റികൾ (ഡി.പി.സി), മുനിസിപ്പൽ കോർപ്പറേഷനുകൾ, മുനിസിപ്പൽ കൗൺസിലുകൾ, വില്ലേജ് പഞ്ചായത്തുകൾ എന്നിവയ്ക്ക് സ്ഥലപര ആസൂത്രണത്തിൽ (Spatial planning) ഊന്നൽ നൽകിക്കൊണ്ടുള്ള വ്യവസ്ഥകളാണ് ടി ഓർഡിനൻസിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |

| | | | |
|---|---|---|---|
| (സി) | ഇതിനായി നിയമനിർമ്മാണത്തിന് ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ; | (സി) & (ഡി) | ഉണ്ട്. ദി കേരള ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ഓർഡിനൻസ്, 2013-ലെ 51-ാം നമ്പർ ഓർഡിനൻസായി, 2013 സെപ്തംബർ 23-ലെ 2741-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ ആദ്യം പ്രസിദ്ധീകരിക്കുകയും, തുടർന്ന് 2014-ലെ 7-ാം നമ്പർ ഓർഡിനൻസായി വീണ്ടും 2014 ഫെബ്രുവരി 11-ലെ 472-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | ആയതിലേക്ക് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ ? | | |

Vijayan
സെക്ഷൻ ഓഫീസർ